ഭരണഭാഷ-മാതൃഭാഷ"

WEC2-9355/2020

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി : 18.12.2020
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് – ക്ഷേമ പദ്ധതികൾ അപേക്ഷകൾ ഓൺലൈൻവഴി സ്വീകരിക്കുന്നത് - വെബ്സൈറ്റിന്റെ ട്രയൽ പൂർത്തിയാക്കുന്നത് - സംബന്ധിച്ച്

സൂചന: ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരുമായുള്ള 11/12/2020 ലെ മീറ്റിംഗ്

സ്ത്രീ ശാക്തീകരണ പദ്ധതികളുടെ അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് 11/12/2020 ന് നടന്ന മീറ്റിംഗിൽ ഐസിഡിഎസുകളിൽനിന്നും ജൂറിസ്ഡിക്ഷൻ അപ്ഡേഷൻ, വെബ്സൈറ്റിന്റെ ട്രയൽറൺ എന്നിവ പൂർത്തീകരിച്ചിട്ടില്ലാത്തതായി ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ആകയാൽ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ടി മീറ്റിംഗിൽ നിർദ്ദേശം നൽകിയിരുന്നു. താങ്കളുടെ പരിധിയിലുള്ള എല്ലാ ഐസിഡിഎസ് പ്രോജക്ടുകളും ട്രയൽറൺ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട് എന്ന് ഉറപ്പാക്കി പ്രസ്തുത വിവരവും വെബ്സൈറ്റിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ ആയതും ഉൾപ്പെടുത്തി 15/12/2020 നകം റിപ്പോർട്ട് നൽകുവാൻ സൂചന മീറ്റിംഗിൽ നിർദ്ദേശിച്ചുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. കൂടാതെ മറ്റ് സ്ത്രീ ശാക്തീകരണ പദ്ധതികൾക്ക് (മംഗല്യ, വനിത ഗൃഹനാഥ, പടവുകൾ, അഭയകിരണം) ആവശ്യമായ തുകയുടെ വിവരവും അറിയിച്ചിട്ടില്ല. ആകയാൽ ഓരോ പദ്ധതികൾക്കും അർഹരായ അപേക്ഷകരുടെ എണ്ണവും ഫണ്ടിനായുള്ള അലോട്ട്മെന്റ് റിക്വസ്റ്റും ഓരോ സ്കീമുകൾക്കും പ്രത്യേകമായി 21/12/2020 നകം wcdwec@gmail.com എന്ന മെയിൽ അഡ്രസിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

Sende

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

SS-20

**അഡീഷണൽഡയറക്ടർ I/C ന്റെ അദ്ധ്യക്ഷതയിൽ 11.12.2020 ന് കൂടിയ ജില്ല വനിത ശിശു വികസന ഓഫീസർമാരുടെ മീറ്റിംഗ് മിനിട്ട്സ് (ഗൂഗിൾമീറ്റ്)**

യോഗം 3 മണിക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.

അഡീഷണൽ ഡയറക്ടർ I/C യോഗം ചേരുന്നതിന്റെ സാഹചര്യം വിശദീകരിക്കുകയും തുടർന്ന് ചർച്ചകൾക്കും വിലയിരുത്തലുകൾക്കും ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**തീരുമാനങ്ങൾ**

1. ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള വെബ്സൈറ്റിന്റെ ട്രയൽറൺ, ജൂറിസ്ഡിക്ഷൻ അപ്ഡേഷൻ എന്നിവ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ അടിയന്തിരമായി ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. എല്ലാ സിഡിപിഒമാരും അവരുടെ പ്രോജക്ടിലെ എല്ലാ സെക്ടറുകളിലെയും സൂപ്പർവൈസർമാരെക്കൊണ്ട് ട്രയൽറൺ നടത്തിയിരിക്കണം.

   (നടപടി : സിഡിപിഒ)

2. വെബ്സൈറ്റിന്റെ ട്രയൽറൺ നടത്തുമ്പോൾ ഏന്തെങ്കിലും തടസ്സം നേരിടുന്നപക്ഷം C-Dit മായി ബന്ധപ്പെട്ട് പരിഹരിക്കണം.

   (നടപടി : ജില്ല വനിത ശിശു വികസന ഓഫീസർ & സിഡിപിഒ)

3. ഐസിഡിഎസ് പ്രോജക്ടുകളിൽനിന്നും വെബ്സൈറ്റിന്റെ ട്രയൽറൺ, ജൂറിസ്ഡിക്ഷൻ അപ്ഡേഷൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കി 15/12/2020 നകം റിപ്പോർട്ട് നൽകണം.

   (നടപടി : ജില്ല വനിത ശിശു വികസന ഓഫീസർ)

4. വെബ്സൈറ്റിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ ആയതിനുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കേണ്ടതാണ്.

   (നടപടി : സിഡിപിഒ & ജില്ല വനിത ശിശു വികസന ഓഫീസർ)

5. മീറ്റിംഗിൽ പങ്കെടുക്കാതിരുന്ന കാസർഗോഡ്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ആയതിന്റെ വിശദീകരണം നൽകണം

   (നടപടി : ജില്ല വനിത ശിശു വികസന ഓഫീസർ, കാസർഗോഡ്, എറണാകുളം, തിരുവനന്തപുരം)

6. സഹായഹസ്തം ഒഴികെയുള്ള മറ്റു പദ്ധതികൾക്കുള്ള അലോട്ട്മെന്റ് റിക്വസ്റ്റ് സർക്കുലറിൽ സൂചിപ്പിച്ചിരിക്കുന്ന അവസാന തീയതിയ്ക്കുശേഷം മൂന്നു ദിവസത്തിനകം അയച്ചു തരുന്നതിനുള്ള നടപടി സ്വീകരിക്കണം.

(നടപടി : ജില്ല വനിത ശിശു വികസന ഓഫീസർ)

മീറ്റിംഗ് 4.30 ന് അവസാനിച്ചു.

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി